STATE POLICE MEDIA CENTRE
KERALA

Police Headquarters
Vazhuthacaud
Thiruvananthapuram - 695010

0471 2318188
info.pol@kerala.gov.in
statepolicemediacentre

No.286/PR/SPMC/PHQ/2021 Date :08.07.2021

# സംസ്ഥാന പോലീസ് മേധാവിക്ക് സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾ ഗാർഡ് ഓഫ് ഓണർ നൽകി

സംസ്ഥാന പോലീസ് മേധാവി അനിൽ കാന്തിനെ തിരുവനന്തപുരം സിറ്റി യൂണിറ്റിലെ സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾ ഗാർഡ് ഓഫ് ഓണർ നൽകി ആദരിച്ചു.

മെഡിക്കൽ കോളേജ് ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂളിലെ കേഡറ്റുകളാണ് ഗാർഡ് ഓഫ് ഓണറിൽ പങ്കെടുത്തത്. സിറ്റി സ്റ്റുഡന്റ് പോലീസ് കേഡറ്റ് വിഭാഗത്തിന്റേയും എസ്.പി.സി ഡയറക്ടറേറ്റിന്റേയും ഉപഹാരങ്ങളും സംസ്ഥാന പോലീസ് മേധാവിക്ക് സമ്മാനിച്ചു.

പത്തൊൻപതാം ബാച്ച് സബ് ഇൻസ്പെക്ടർമാർ കുട്ടികളുടെ ഓൺലൈൻ പഠനത്തിനായി സമാഹരിച്ച മൊബൈൽ ഫോണുകൾ ചാല ഗവൺമെന്റ് ബോയ്സ് ഹയർസെക്കന്ററി സ്കൂൾ പ്രിൻസിപ്പളിന് സംസ്ഥാന പോലീസ് മേധാവി കൈമാറി. എ.ഡി.ജി.പി മനോജ് എബ്രഹാം, സിറ്റി പോലീസ് കമ്മീഷണർ ബൽറാം കുമാർ ഉപാദ്ധ്യായ എന്നിവരും മറ്റ് മുതിർന്ന ഉദ്യോഗസ്ഥരും സംബന്ധിച്ചു.

ഫോട്ടോ ക്യാപ്ഷൻ:

1. സ്റ്റുഡന്റ് പോലീസ് കേഡറ്റ് തിരുവനന്തപുരം സിറ്റി യൂണിറ്റ് നൽകിയ ഗാർഡ് ഓഫ് ഓണറിൽ സംസ്ഥാന പോലീസ് മേധാവി അനിൽ കാന്ത് സല്യൂട്ട് സ്വീകരിക്കുന്നു.

2. 1995 ബാച്ചിലെ സബ് ഇൻസ്പെക്ടർമാർ സമാഹരിച്ചു നൽകിയ മൊബൈൽ ഫോണുകൾ ചാല ഗവൺമെന്റ് ബോയ്സ് ഹയർസെക്കന്ററി സ്കൂൾ പ്രിൻസിപ്പാളിന് സംസ്ഥാന പോലീസ് മേധാവി അനിൽ കാന്ത് കൈമാറുന്നു.

3, 4. സ്റ്റുഡന്റ് പോലീസ് കേഡറ്റ് തിരുവനന്തപുരം സിറ്റി യൂണിറ്റ് നൽകിയ ഗാർഡ് ഓഫ് ഓണർ സംസ്ഥാന പോലീസ് മേധാവി അനിൽ കാന്ത് പരിശോധിക്കുന്നു.

(പരിപാടിയുടെ ദൃശ്യങ്ങളും ഇതോടൊപ്പം)

*******************************